ചേർത്തല താലൂക്കിലെ റോഡുകൾ

*൯ ൭൩. (൫) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ–ചേർത്തലറോഡ് മുതൽ ൦–ാം മൈലിൽ ൭–ാം ഫർലാംഗിൽനിന്നും ആലപ്പുഴ–തണ്ണീർമുക്കം റോഡിലേക്ക് വെട്ടിയിട്ടുള്ള റോഡിന്റെ പണി ഉടനെ തീർക്കത്തക്കവിധം ചേർത്തല താലൂക്കിലെ പ്രാദേശികകമ്മറ്റി (പി. ഡബ്ലിയു. ഡി.–യിൽനിന്നും നിയമിച്ചിട്ടുള്ള) ശുപാർശചെയ്തിട്ടില്ലേ;

(ബി) ഈ റോഡും മുതൽ ൧-ാം മൈലിൽനിന്നും തണ്ണീർമുക്കം റോഡിലേക്ക് വെട്ടിയിട്ടുള്ള റോഡും ഗതാഗതയോഗ്യമാക്കുന്നതിനു് ഉദ്ദേശം എന്തു ചെലവുവരുമെന്നു് പ്രസ്താവിക്കുവാൻ സദയമുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഈ രണ്ടു റോഡുകളും ഗതാഗതയോഗ്യമാക്കുന്നതിനു് ഉദ്ദേശം മുപ്പത്തിഏഴായിരം രൂപാ ചിലവാക്കേണ്ടിവരും.

ശ്രീ. കൃഷ്ണനയ്യപ്പൻ: ചേർത്തലനിന്നും തണ്ണീർമുക്കത്തേക്ക് പ്രൈവറ്റ് ഏജൻസികൾ ബസ്സ് സർവ്വീസ് നടത്തുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ബസ്സ് സർവ്വീസ് നടത്തുന്നുണ്ട്.

ശ്രീ. കൃഷ്ണനയ്യപ്പൻ: ആ റോഡ് ഗതാഗത സൗകര്യമില്ലാത്തതുകൊണ്ട് ഈ ബസ്സുകൾ ആറു മൈൽ കൂടുതൽ ചുറ്റേണ്ടിവരുന്നു എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതാവശ്യമായിരിക്കാം.

കൊല്ലക്കടവു പാലം

*൯ ൭൪. (൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊല്ലക്കടവു പാലത്തിന്റെ പണി തുടങ്ങിയിട്ട് എത്ര നാളായി;

(ബി) അതു് ഇപ്പോൾ എത്ര നിലയിൽ ഇരിക്കുന്നു;

(സി) അതിന്റെ പണി എത്ര നാൾകൊണ്ടു്, എന്നത്തേക്ക്, പൂർത്തിയാക്കാമെന്നാണ് ഗവൺമെണ്ടിന്റെ വിചാരം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഒരു വർഷവും ഏഴു മാസവുമായി. ഫെബ്രുവരി മാർച്ചു് മാസത്തിൽ തുടങ്ങിയതാണ്.

(ബി) വേല ശരിയായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബേസുമെന്റിന്റെ പണി തീർന്നു. ഒരു പിയറിന്റെ പണി പകുതിയായിട്ടുമുണ്ട്.

(സി) ഫെബ്രുവരി അവസാനത്തിനുമുമ്പായി വേല തീർന്നേക്കുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിന്റെ കൺട്രാക്ടർ ആരാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എനിക്ക് അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly